**<u>15 -ാം കേരള നിയമസഭ</u>**

**<u>10 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3562</u>** **<u>15-02-2024 - ൽ മറുപടിയ്ക്ക്</u>**

**<u>ഭൂമി തരംമാറ്റം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | 2016-21-ലെ കാലയളവിലുള്ള സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഭൂമി തരംമാറ്റത്തിലൂടെ എത്ര തുക ലഭിച്ചു; വിശദാംശം സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; ഏതു ശീർഷകത്തിലാണ് ഈ തുക വരവ് വെച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ഭൂമി തരംമാറ്റത്തിലൂടെ സർക്കാരിന് റവന്യൂ ലഭിച്ചു തുടങ്ങിയത് 2018-ലെ ഭേദഗതി നിയമം നിലവിൽ വന്നതിനു ശേഷമാണ്. ആദ്യഘട്ടത്തിൽ 0029-00-800-90 എന്ന ശീർഷകത്തിലും പിന്നീട് '0029-00-800-88 Receipts collection under Rule 12 (9) of the Kerala Conservation of Paddy Land and Wetland (Amendment Act) 2018 ' എന്ന ശീർഷകത്തിലുമാണ് റവന്യൂ ശേഖരിച്ചു വരുന്നത്. 2018-19 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെയുള്ള കണക്കുകളും 2023 വർഷം ഏപ്രിൽ മുതൽ നവംബർ മാസം വരെയുള്ള കണക്കുകളും **അനുബന്ധമാ**യി ചേർക്കുന്നു. |
| (ബി) | ഭൂമിതരം മാറ്റത്തിലൂടെ ലഭിക്കുന്ന തുക കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിക്ഷേപിക്കണമെന്ന നിയമ വ്യവസ്ഥ അനുസരിച്ച് തുക കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക കൈമാറിയത് സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഫണ്ട് എന്ന് പരാമർശിക്കപ്പെടുന്ന "കാർഷിക അഭിവൃദ്ധി ഫണ്ട് " രൂപീകരിക്കേണ്ടതാണെന്നും, ഫണ്ടിന്റെ സ്വരൂപിക്കലും കൈകാര്യം ചെയ്യലും വിനിയോഗിക്കലും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണെന്നും ആണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.<br><br>ഇപ്രകാരം കാർഷിക അഭിവൃദ്ധി ഫണ്ടിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട്, ധനകാര്യ (Budget Wing A) വകുപ്പിന്റെ സ.ഉ.(സാധാ)നം.7382/2019/ ധന നം.ഉത്തരവ് പ്രകാരം, 2018-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരമുള്ള എല്ലാ വരവുകളും '0029-00-800-88-Receipts collected under the Kerala Conservation of Paddyland and wetland (Ammendment) Act 2018' എന്ന ശീർഷകത്തിൽ അടവാക്കുന്നതിനു ഉത്തരവായിട്ടുള്ളതാണ്. കൂടാതെ, ധനകാര്യ (Expenditure-B) വകുപ്പിന്റെ 01.12.2019 തീയതിയിലെ സ.ഉ (സാധാ)നം.9444/2019/ധന നം. ഉത്തരവ് പ്രകാരം, കേരള നെൽവയൽ- |

| | | | |
|---|---|---|---|
| | | | തണ്ണീർത്തട സംരക്ഷണ നിയമവും ചട്ടങ്ങളും പ്രകാരമുള്ള ചെലവുകൾക്കായി '2029-00-800-74' എന്ന ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ചു കൊണ്ടും ഉത്തരവായിരുന്നു.<br><br>മേൽ പ്രകാരം, ധനകാര്യ വകുപ്പ് നിശ്ചയിച്ചിട്ടുള്ളതും സംസ്ഥാനത്ത് നിലവിലുള്ള എല്ലാ ശീർഷകങ്ങളുമായി ബന്ധപ്പെട്ട സ്വീകരിച്ചുവരുന്നതുമായ അതേ നടപടികൾ പ്രകാരം ആണ് മേൽ പരാമർശിച്ച ശീർഷകങ്ങൾ മുഖേന റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നത് .<br><br>ധനകാര്യ (സ്കീം ലൈനിങ്) വകുപ്പിന്റെ യഥാക്രമം 09.04.2019, 16.05.2019 തീയതികളിലെ സ.ഉ.(സാധാ)നം.2909/ധന, സ.ഉ (സാധാ)നം.3738/2019/ധന നം. ഉത്തരവുകൾ പ്രകാരം. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ(ഭേദഗതി) നിയമവും ആയതിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ പ്രകാരവുമുള്ള ചെലവുകൾക്കായി തുക ചെലവാക്കുന്നതിനു വേണ്ടി, ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരം വെള്ളയമ്പലം സബ് ട്രഷറിയിൽ ഒരു സ്പെഷ്യൽ ടി സ് ബി അക്കൗണ്ട് തുറക്കുന്നതിന് അനുമതിയും നല്കിയിട്ടുള്ളതാണ്. മേൽ പരാമർശിച്ച ഹെഡ് ഓഫ് അക്കൗണ്ടിൽ വരുന്ന തുക, സർക്കാരിൽ നിന്നും അനുമതി നൽകുന്ന മുറയ്ക്ക് ലാൻഡ് റവന്യൂ കമ്മീഷണർ ആരംഭിച്ചിട്ടുള്ള STSB അക്കൗണ്ടിലേക്കു മാറ്റി, ടി നിയമ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ചെലവുകൾ നടത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.<br><br>22-02-2022 - ലെ സ.ഉ.(കൈ) നം.56/2022/RD , 26-11-2022 - ലെ സ.ഉ.(കൈ) നം.278/2022/RD, എന്നീ ഉത്തരവുകൾ പ്രകാരം ഭൂമി തരംമാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി 10 കോടി രൂപ വീതം തുക അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ, അധിക ധനവിനിയോഗാനുമതി/ധന:പുനർവിനിയോഗം പ്രകാരവും ചട്ട പ്രകാരമുള്ള ആവശ്യങ്ങൾക്കായി തുക അനുവദിച്ചിട്ടുള്ളതാണ് . |
| (സി) | മേല്പറഞ്ഞ പ്രകാരം തുക കൈമാറി നല്കിയിട്ടില്ലെങ്കിൽ പ്രസ്തുത തുക ഏത് രീതിയിൽ വിനിയോഗിച്ചുവെന്ന വിശദാംശം നൽകുമോ? | (സി) | ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഫണ്ട് എന്ന് പരാമർശിക്കപ്പെടുന്ന "കാർഷിക അഭിവൃദ്ധി ഫണ്ട് " രൂപീകരിക്കേണ്ടതാണെന്നും, ഫണ്ടിന്റെ സ്വരൂപിക്കലും കൈകാര്യം ചെയ്യലും വിനിയോഗിക്കലും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണെന്നും ആണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. |

ഇപ്രകാരം കാർഷിക അഭിവൃദ്ധി ഫണ്ടിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട്, ധനകാര്യ (Budget Wing A) വകുപ്പിന്റെ സ.ഉ.(സാധാ)നം.7382/2019/ധന നം.ഉത്തരവ് പ്രകാരം, 2018-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരമുള്ള എല്ലാ വരവുകളും '0029-00-800-88-Receipts collected under the Kerala Conservation of Paddyland and wetland (Ammendment) Act 2018' എന്ന ശീർഷകത്തിൽ അടവാക്കുന്നതിനു ഉത്തരവായിട്ടുള്ളതാണ്. കൂടാതെ, ധനകാര്യ (Expenditure-B) വകുപ്പിന്റെ 01.12.2019 തീയതിയിലെ സ.ഉ (സാധാ)നം.9444/2019/ധന നം. ഉത്തരവ് പ്രകാരം, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമവും ചട്ടങ്ങളും പ്രകാരമുള്ള ചെലവുകൾക്കായി '2029-00-800-74' എന്ന ഹെഡ് ഓഫ് അക്കൗണ്ട് അനുവദിച്ചു കൊണ്ടും ഉത്തരവായിരുന്നു.

മേൽ പ്രകാരം, ധനകാര്യ വകുപ്പ് നിശ്ചയിച്ചിട്ടുള്ളതും സംസ്ഥാനത്ത് നിലവിലുള്ള എല്ലാ ശീർഷകങ്ങളുമായി ബന്ധപ്പെട്ടു സ്വീകരിച്ചുവരുന്നതുമായ അതേ നടപടികൾ പ്രകാരം ആണ് മേൽ പരാമർശിച്ച ശീർഷകങ്ങൾ മുഖേന റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നത് .

ധനകാര്യ (സ്കീം ലൈനിങ്) വകുപ്പിന്റെ യഥാക്രമം 09.04.2019, 16.05.2019 തീയതികളിലെ സ.ഉ.(സാധാ)നം.2909/ധന, സ.ഉ (സാധാ)നം.3738/2019/ധന നം. ഉത്തരവുകൾ പ്രകാരം. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ(ഭേദഗതി) നിയമവും ആയതിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ പ്രകാരവുമുള്ള ചെലവുകൾക്കായി തുക ചെലവാക്കുന്നതിനു വേണ്ടി, ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരം വെള്ളയമ്പലം സബ് ട്രഷറിയിൽ ഒരു സ്പെഷ്യൽ ടി സ് ബി അക്കൗണ്ട് തുറക്കുന്നതിന് അനുമതിയും നല്കിയിട്ടുള്ളതാണ്. മേൽ പരാമർശിച്ച ഹെഡ് ഓഫ് അക്കൗണ്ടിൽ വരുന്ന തുക, സർക്കാരിൽ നിന്നും അനുമതി നൽകുന്ന മുറയ്ക്ക് ലാൻഡ് റവന്യൂ കമ്മീഷണർ ആരംഭിച്ചിട്ടുള്ള STSB അക്കൗണ്ടിലേക്കു മാറ്റി, ടി നിയമ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള ചെലവുകൾ നടത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

22-02-2022 - ലെ സ.ഉ.(കൈ) നം.56/2022/RD , 26-11-2022 - ലെ സ.ഉ.(കൈ) നം.278/2022/RD, എന്നീ ഉത്തരവുകൾ പ്രകാരം ഭൂമി തരംമാറ്റ

| | | | |
|---|---|---|---|
| | | | അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി 10 കോടി രൂപ വീതം തുക അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ, അധിക ധനവിനിയോഗാനുമതി/ധന:പുനർവിനിയോഗം പ്രകാരവും ചട്ട പ്രകാരമുള്ള ആവശ്യങ്ങൾക്കായി തുക അനുവദിച്ചിട്ടുള്ളതാണ് . |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| **സാമ്പത്തിക വർഷം** | **(H/A 0029-00-800-90)** | **(H/A 0029-00-800-88)** | **ആകെ തുക** |
|---|---|---|---|
| 2018-19 | 3349081 | 57757560 | 61106641 |
| 2019-20 | 447669 | 1407133148 | 1407580817 |
| 2020-21 | 1862389 | 2929012233 | 2930874622 |
| 2021-22 | 1295395 | 2394811947 | 2396107342 |
| 2022-23 | 1934687 | 3856046065 | 3857980752 |
| 2023 Apr to Dec | 301138 | 2387054426 | 2387355564 |
| **Total** | **9190359** | **13031815379** | **13041005738** |

# GOVERNMENT OF KERALA

## Abstract

Budget Estimates 2019-20- Detailed Estimates of Revenue- Major Head(s) '0029-Land Revenue' - Modification of nomenclature of the H/A '0029-800-88-Receipts collected under Rule 12(9) of the Kerala Conservation of Paddy land and Wetland (Amendment) Act 2018'- Orders issued.

FINANCE (BUDGET WING-A) DEPARTMENT

**G.O.(Rt)No.7382/2019/FIN** Dated,Thiruvananthapuram, 20/09/2019

Read 1 G.O.(Rt)No.10519/2018/Fin dated 22-12-2018.

2 U.O.(f) No.REV-P1/818/2018-REV dated 29-08-2019 from the Revenue(P) Department.

## ORDER

As per the Government Order read as 1st paper above, sanction has been accorded for opening of new head of account '0029-800-88-Receipts collected under Rule 12(9) of the Kerala Conservation of Paddy land and Wetland (Amendment) Act 2018' . Now as per the reference 2nd cited, the Commissioner, Land Revenue has requested to change the nomenclature of the said head of account for accommodating all receipts collected under various rules pertaining to the Kerala Conservation of Paddy land and Wetland (Amendment) Act 2018 . The Government have examined the matter in detail and are pleased to accord sanction for changing the nomenclature of the H/A *'0029-800-88-Receipts collected under Rule 12(9) of the Kerala Conservation of Paddy land and Wetland (Amendment) Act 2018' as '0029-800-88-Receipts collected under the Kerala Conservation of Paddy land and Wetland (Amendment) Act 2018'.* The Government Order read above stands modified to this extent.

(By order of the Governor)

**SOBHA VR**

**JOINT SECRETARY**

To:

The Accountant General (A&E)/(G&SSA), Kerala, Thiruvananthapuram.
The Accountant General (E&RSA), Kerala, Thiruvananthapuram.
The Director of Treasuries, Thiruvananthapuram.
The Commissioner of Land Revenue, Thiruvananthapuram.
The Revenue (P) Department.

**File No.BW-A2/35/2018-FIN**

The Finance (Expenditure-B) Department.
The Nodal Officer, www.finance.kerala.gov.in
The Stock file/Office Copy

Forwarded /By order

Accounts Officer

# GOVERNMENT OF KERALA

## Abstract

Budget Estimates- 2019-20- Detailed Estimates of Revenue- Major Head(s) '2029-Land Revenue'- Modification of nomenclature of head of account 2029-00-800-74- Restoration charges under Kerala Conservation of Paddy Land and Wetland Act 2008 - Orders issued

---

**FINANCE (BUDGET WING-A) DEPARTMENT**

**G.O.(Rt)No.9444/2019/FIN** Dated,Thiruvananthapuram, 01/12/2019

---

Read 1 U.O.(F) No.REV-P1/818/2018-REV dated 15-10-2019 from the Revenue (P) Department.

## ORDER

As per the reference cited above, the Commissioner, Land Revenue has requested to open a new head of account for accommodating all expenses coming under the Kerala Conservation of Paddy Land and Wetland (Amendment) Act 2018.

The Government have examined the matter in detail and are pleased to accord sanction for changing the nomenclature of the head of account *'2029-00-800-74- Restoration charges under the Kerala Conservation of Paddy Land and Wetland Act 2008' as '2029-00-800-74- Expenditure under the Kerala Conservation of Paddy and Wet Land (Amendment) Act 2018'* for accommodating all expenses pertaining to the Kerala Conservation of Paddy Land and Wetland (Amendment) Act 2018.

(By order of the Governor)
**SOBHA VR**
**JOINT SECRETARY**

To:
The Accountant General (A&E)/ G&SSA/ (E&RSA), Kerala, Thiruvananthapuram.
The Director of Treasuries, Thiruvananthapuram.

**File No.EXP-B3/330/2019-FIN**

The Commissioner of Land Revenue, Thiruvananthapuram.
The Revenue (P) Department.
The Finance (Expenditure-B) Department.
The Nodal Officer, www.finance.kerala.gov.in.
The Stock File/ Office Copy.

Forwarded /By order

Accounts Officer

"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്- ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരം വെള്ളയമ്പലം സബ് ട്രഷറിയിൽ ഒരു പലിശ രഹിത STSB അക്കൗണ്ട് തുറക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.2909/2019/ധന. തിരുവനന്തപുരം, തീയതി 09/04/2019.**

പരാമർശം:- 1. ലാൻഡ് റവന്യൂകമ്മീഷണർ 22/12/2018 ൽ റവന്യൂ(പി)വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച എ ൽ. ആർ.എ 1.11786/2018 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 27 എ പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ ഒരു പലിശ രഹിത റ്റി.എസ് .ബി അക്കൗണ്ട് തിരുവനന്തപുരം വെള്ളയമ്പലം സബ്ട്രഷറിയിൽ തുറക്കുന്നതിന് അനുമതി നൽകണമെന്ന് ലാൻഡ് റവന്യൂകമ്മീഷണർ പരാമർശം 1 ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരം വെള്ളയമ്പലം സബ്ട്രഷറിയിൽ ഒരു പലിശരഹിത STSB അക്കൗണ്ട് തുറക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ലാൻഡ് റവന്യൂകമ്മീഷണർ,ലാൻഡ് റവന്യൂകമ്മീഷണറുടെ കാര്യാലയം,പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം,തിരുവനന്തപുരം
റവന്യൂ(പി)വകുപ്പ്,e -file no-Rev-P1826/2016-Rev
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Ranjit

അക്കൗണ്ട്സ് ഓഫീസർ

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരം വെള്ളയമ്പലം സബ്ട്രഷറിയിൽ ഒരു പലിശ രഹിത STSB അക്കൗണ്ട് തുറക്കുന്നതിന് അനുമതി നൽകിയത് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്)**

**സ.ഉ.(സാധാ) നം.3738/2019/ധന.** **തിരുവനന്തപുരം, തീയതി 16/05/2019**

പരാമർശം:- 09/04/2019 ലെ സ.ഉ(സാധാ) 2909/2019/ ധന നമ്പർ ഉത്തരവ്.

**ഉത്തരവ്**

മേൽ പരാമർശിച്ചിരിക്കുന്ന ഉത്തരവിലെ ഖണ്ഡിക 1 ൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് " 27 എ " എന്നത് 2018 കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് " 27 ഡി " എന്നാക്കി തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽ ഉത്തരവിലെ മറ്റ് നിബന്ധനകൾക്കൊന്നും മാറ്റമുണ്ടായിരിക്കുന്നതല്ല.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ/ഇ.&ആർ.എസ്.എ) കേരള,തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ലാൻഡ് റവന്യൂകമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം ,പബ്ലിക് ഓഫീസ് ബിൽഡിംഗ് ,മ്യൂസിയം ,തിരുവനന്തപുരം

റവന്യൂ (പി) വകുപ്പ് ,e-file no-Rev-P 1826/2016-Rev

നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Ramani

അക്കൗണ്ട്സ് ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉത്തരവാകുന്നത് - സംബന്ധിച്ച്

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.56/2022/RD തീയതി,തിരുവനന്തപുരം, 22-02-2022

| | |
|---|---|
| പരാമർശം:- | ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ |

**<u>ഉത്തരവ്</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത്, നിലവിൽ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി 1,12,539 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. 25 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റം, സൗജന്യ നിരക്കിൽ അനുവദിച്ചുകൊണ്ട്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ വന്നിട്ടുള്ള ഭേദഗതിയുടെ അടിസ്ഥാനത്തിലും, സംസ്ഥാനത്ത് ഭൂമിയുടെ കരം അടവ് പൂർണ്ണമായും ഓൺലൈൻ ആക്കി മാറ്റിയതിനാൽ കരം രസീതിയിലൂടെ ഭൂമിയുടെ തരം മനസ്സിലാക്കുവാൻ കഴിഞ്ഞതിനാലും, തരം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ഭൂമി തരം മാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി കൈക്കൊള്ളേണ്ടുന്ന തീരുമാനം സംബന്ധിച്ച്, പരാമർശ പ്രകാരമുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ, മന്ത്രിസഭായോഗ തീരുമാനത്തിന്റെ സാധൂകരണത്തിന് വിധേയമായി ഉത്തരവാകുന്നു.

1) ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽ നിന്നും താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും, ക്ലാർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ, എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച

കൊണ്ടും, 990 താത്ക്കാലിക തസ്തികകൾ 6 മാസത്തേക്ക് ചുവടെ ചേർത്ത പ്രകാരം സൃഷ്ടിച്ച് ഉത്തരവാകുന്നു.

a) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 4 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

b) 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

c) 1000 - 2000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

d) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും , 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും, പരിധിയിൽ വരുന്ന 51 താലൂക്കുകളിൽ, 1 ക്ലാർക്ക്, 3 സർവ്വേയർ.

e) അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ, ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി, ഒരു ക്ലാർക്ക്.

2) 1000-ൽ താഴെ അപേക്ഷകൾ നിലനിൽക്കുന്ന 4 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, നിലവിലുള്ള സ്റ്റാഫിന് പുറമേ, വകുപ്പിനുള്ളിൽ നിന്നു തന്നെ അധിക ജീവനക്കാരെ നിയമിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.

3) ഫീൽഡ് പരിശോധനക്കായി 2 വില്ലേജുകളിൽ ഒരു വാഹനം എന്ന നിലയ്ക്ക് 6 മാസത്തേയ്ക്ക് വാടകയ്ക്ക് വാഹനസൗകര്യം അനുവദിച്ച് ഉത്തരവാകുന്നു. (വാഹനം :- എണ്ണം - 340, മാസവാടക - 35,000/- രൂപ)

4) അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള ഐ.റ്റി അനുബന്ധ സൗകര്യങ്ങൾക്ക് വേണ്ടുന്ന ഉപകരണങ്ങളായ, കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവയ്ക്ക് ആകെ 5,99,93,000/- രൂപ (അഞ്ച് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ) അനുവദിച്ച് ഉത്തരവാകുന്നു.

5) മേൽ പ്രകാരമുള്ള ആവശ്യത്തിലേയ്ക്കായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27ഡി വകുപ്പ് പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് പ്രാഥമികമായി 10 കോടി രൂപ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും

ധനകാര്യ വകുപ്പ്

നിയമ വകുപ്പ് (10.02.2022-ലെ Exp-A1/62/2022 കുറിപ്പ് പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Kadeeja A A**
**Date: 22-02-2022 15:36:46**

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള തരം മാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനായി 22.02.2022-ലെ സ.ഉ.(കൈ)നം. 56/2022/RD സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, അനുബന്ധ സൗകര്യങ്ങൾ തുടങ്ങിയവ ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.278/2022/RD   തീയതി,തിരുവനന്തപുരം, 26-11-2022

---

പരാമർശം:-
1. 22.02.2022-ലെ സ.ഉ.(കൈ)നം. 56/2022/RD സർക്കാർ ഉത്തരവ് .
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 17.10.2022-ലെ LR/3045/2022-LR(R1) നം. കത്ത് .

**ഉത്തരവ്**

സംസ്ഥാനത്ത് 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി ലഭിച്ച, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള തരം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരുന്നതിനാൽ, അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (1)-ലെ ഉത്തരവ് പുറപ്പെടുവിച്ച വേളയിൽ, തരം മാറ്റവുമായി ബന്ധപ്പെട്ട് ആകെ 212169 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിച്ചിരുന്നു. ടി അപേക്ഷകളിൽ, 14.11.2022 വരെ 194912 (91.87%) ഓഫ് ലൈൻ അപേക്ഷകളും, 11250 ഓൺ ലൈൻ അപേക്ഷകളും തീർപ്പാക്കുവാൻ സാധിച്ചു. നിലവിൽ 17257 ഓഫ് ലൈൻ അപേക്ഷകളും 151921 ഓൺ ലൈൻ അപേക്ഷകളും തീർപ്പാക്കുവാൻ ശേഷിക്കുന്നുണ്ട്. ഇപ്രകാരം തീർപ്പാക്കാനായി ശേഷിക്കുന്ന അപേക്ഷകൾ കൂടി തീർപ്പാക്കുന്നതോടെ, 300 കോടിയോളം രൂപ സർക്കാർ ഖജനാവിലേക്ക് അധികമായി എത്തിച്ചേരുന്നതാണെന്നും, ആയതിനാൽ, ശേഷിക്കുന്ന അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനായി, പരാമർശം (1) പ്രകാരം നിയമിച്ച താൽക്കാലിക ജീവനക്കാരുടെയും, അനുവദിച്ച അനുബന്ധ സൗകര്യങ്ങളുടെയും കാലാവധി, 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നല്കണമെന്നും, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

3 . ടി ആവശ്യത്തിലേക്കായി പുതിയതായി നിയമനം നടത്തുന്ന പക്ഷം, വീണ്ടും പരിശീലനം നൽകി പുതിയ ആളുകളെ നിയമിക്കുന്നത് ശ്രമകരവും സമയ നഷ്ടത്തിന് ഇടയാക്കുന്നതുമാണ്. ആയതിനാൽ, സ്പെഷ്യൽ ഡ്രൈവ് തുടരുന്നതിനായി, നിയമ/ ചട്ടങ്ങൾ സംബന്ധിച്ചും മറ്റ് സാങ്കേതിക വിഷയങ്ങൾ സംബന്ധിച്ചും പരിശീലനം

നൽ കി നിയമിച്ചിട്ടുള്ളവരെ, നിലവിലെ 179 ദിവസത്തെ സേവന കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, ഹ്രസ്വ കാലത്തേക്ക് വിടുതൽ ചെയ്ത ശേഷം പുനർനിയമിച്ചു കൊണ്ട്, ടിയാളുകളുടെ സേവനം, ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകിയാൽ തരം മാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നത് തടസ്സം കൂടാതെ നടപ്പിലാക്കുവാൻ കഴിയും എന്ന് വിലയിരുത്തുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സേവനകാലാവധി വീണ്ടും ദീർഘിപ്പിക്കുകയില്ല എന്ന നിബന്ധനയോടെ, പൊതു താല്പര്യം പരിഗണിച്ച്, കേരള നെൽവയൽതണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള തരം മാറ്റത്തിനുള്ള അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽദൗത്യത്തിനായി, പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർഉത്തരവിന്റെ അടിസ്ഥാനത്തിൽനിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, 179 ദിവസ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, ഒരു ദിവസത്തെ ഇടവേള നല്കിയശേഷം താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി 179 ദിവസത്തേക്കുകൂടി ദീർഘിപ്പിച്ചു കൊണ്ട്, പുനർനിയമിച്ച് ചുവടെ പറയുന്ന നിബന്ധനകളോടെ ഉത്തരവാകുന്നു.

A) ജൂനിയർസൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽനിന്നും താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകി നിയമിക്കേണ്ടതാണ്.

B) 5000 –ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ 1 ജൂനിയർ സൂപ്രണ്ട്, 4 ക്ലാർക്ക് 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ ക്രമത്തിൽ നിയമിക്കണം

C) 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ1 ജൂനിയർ സൂപ്രണ്ട്, 2 ക്ലാർക്ക് , 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ ക്രമത്തിൽ നിയമിക്കണം

D) 1000 - 2000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കൽ അവശേഷിക്കുന്ന 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ ക്രമത്തിൽ നിയമിക്കണം

E) 5000 –ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും, പരിധിയിൽ വരുന്ന 51 താലൂക്കുകളിൽ, 1 ക്ലാർക്ക്, 3 സർവ്വേയർ ക്രമത്തിൽ നിയമിക്കണം

F) അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ, ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി, ഒരു ക്ലാർക്കിനെ നിയമിക്കണം.

G) 1000- ൽ താഴെ അപേക്ഷകൾ നിലനിൽക്കുന്ന 4 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, നിലവിലുള്ള സ്റ്റാഫിന് പുറമേ വകുപ്പിനുള്ളിൽ നിന്നു തന്നെ അധിക ജീവനക്കാരെ നിയമിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.

H) ഫീൽഡ് പരിശോധനക്കായി 2 വില്ലേജുകളിൽ ഒരു വാഹനം എന്ന നിലയ്ക്ക് 6 മാസത്തേയ്ക്ക് വാടകയ്ക്ക് വാഹനസൗകര്യം അനുവദിച്ച് ഉത്തരവാകുന്നു. (വാഹനം :- എണ്ണം - 340, മാസവാടക 35,000/- രൂപ )

I) മേൽ പ്രകാരമുള്ള ആവശ്യത്തിലേയ്ക്കായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27ഡി വകുപ്പ് പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് 10 കോടി രൂപ കൂടി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
ധനകാര്യ വകുപ്പ് (15-11-2022-ലെ E-2242858/EXP-D1/25/2022-FIN പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് ഇനം( )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A& E) , കേരള , തിരുവനന്തപുരം
ഐ & പി.ആർ.ഡി വകുപ്പ് (വിപുലമായ പ്രചാരണത്തിന്)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sujith G R
Date: 26-11-2022 15:51:03
സെക്ഷൻ ഓഫീസർ